29-01-2022

SATURDAY

ശനിയാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU


Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor : George Sebastian

Editor : Dr Asha T T

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS) - 29/01/2022

1. കാസറഗോഡ് പീലിക്കോട് പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിൽ ഈ മാസം 31-ന് (ജനുവരി 31-ന്) നടത്താനിരുന്ന പമ്പ് ഓപ്പറേറ്റർ, എൽ.ഡി.വി ഡ്രൈവർ എന്നീ തസ്തികകളിൽ താൽക്കാലിക നിയമനത്തിനായുള്ള ഇന്റർവ്യൂ ചില സാങ്കേതിക കാരണങ്ങളാൽ മാറ്റി വച്ചിരിക്കുന്നു. പുതുക്കിയ തീയതി ഉദ്യോഗാർത്ഥികളെ പിന്നീട് അറിയിക്കുന്നതായിരിക്കുമെന്നും അസോസിയേറ്റ് ഡയറക്ടർ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് **0467 2260632** എന്ന ഫോൺ നമ്പരിൽ പ്രവർത്തി സമയത്ത് ബന്ധപ്പെടുക.

2. നാളികേര വികസന കോർപ്പറേഷനും വേങ്ങരി കാർഷിക മൊത്തവ്യാപാര വിപണന കേന്ദ്രവും സംയുക്തമായി കേരള സർക്കാരിന്റെ പച്ച തേങ്ങ സംഭരണപദ്ധതി പ്രകാരം നാളികേര സംഭരണം ആരംഭിച്ചു. എല്ലാ പ്രവൃത്തി ദിവസവും 10 മണി മുതൽ 4 മണി വരെ വേങ്ങേരിയിലുള്ള കാർഷിക വിപണന കേന്ദ്രത്തിലുള്ള നാളികേര ഡ്രയർ യൂണിറ്റിൽ കിലോക്ക് 32 രൂപ നിരക്കിൽ കർഷകരിൽ നിന്നും പച്ച തേങ്ങ സംഭരിക്കും. കൃഷിഭവനിൽ നിന്നുള്ള സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ഒരു വർഷത്തെ ഉത്പാദനത്തിന്റെ ആറിലൊന്നു തൂക്കം 2 മാസത്തിലൊരിക്കൽ താങ്ങുവില പ്രകാരം എടുക്കും.

3. കാർഷിക യന്ത്രങ്ങൾ കൈവശമുള്ള എല്ലാ കാർഷിക യന്ത്ര ഉടമകളും, മറ്റ് ഇതര ഏജൻസികളും അവരവരുടെ പരിധിയിലുള്ള കൃഷിഭവനുകളിൽ 2022 **ഫെബ്രുവരി 28** ന് മുമ്പായി യന്ത്രങ്ങളുടെ വിവരങ്ങൾ നിശ്ചിത രജിസ്ട്രേഷൻ ഫോറത്തിൽ രേഖപ്പെടുത്തി നൽകേണ്ടതാണെന്ന് തിരുവനന്തപുരം ആത്മ പ്രോജക്ട് ഡയറക്ടർ അറിയിച്ചു. മാതൃക ഫോം കൃഷിഭവനുകളിൽ ലഭ്യമാണ്.

4. റബ്ബർ (പ്രൊമോഷൻ & ഡെവലപ്മെന്റ്) ബിൽ 2022-ന്റെ പുതിയ നിയമ നിർമ്മാണവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങളും അഭിപ്രായങ്ങളും സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 2022 ഫെബ്രുവരി 9 വരെ നീട്ടി. കരടു ബില്ലിന്റെ കോപ്പി കൊമേഴ്സ് ഡിപ്പാർട്ടുമെന്റിന്റെയും (https://commerce.gov.in) റബ്ബർ ബോർഡിന്റെയും (http://rubberboard.gov.in) വെബ് സൈറ്റുകളിൽ

ലഭ്യമാണ്. നിർദ്ദേശങ്ങൾ സെക്രട്ടറി, റബ്ബർബോർഡ്, സബ് ജയിൽ റോഡ്, കോട്ടയം-686002 എന്ന വിലാസത്തിലോ secretary@rubberboard.org.in എന്ന ഇമെയിലായോ അറിയിക്കാവുന്നതാണ്.

5. കേരള വെറ്ററിനറി & ആനിമൽ സയൻസസ് സർവ്വകലാശാലക്ക് കീഴിൽ പൂക്കോട് പ്രവർത്തിച്ചു വരുന്ന മൃഗചികിത്സാ പഠന സമുച്ചയത്തിൽ കർഷകമിത്ര മെഡിക്കൽ സ്റ്റോർ പ്രവർത്തനമാരംഭിച്ചിരിക്കുന്നു. മൃഗചികിത്സക്കാവശ്യമായ എല്ലാവിധ മരുന്നുകളും, അനുബന്ധവസ്തുക്കളും മിതമായനിരക്കിൽ ലഭ്യമാക്കുക എന്നലക്ഷ്യത്തോടെയാണ് മെഡിക്കൽ സ്റ്റോർ ആരംഭിച്ചിരിക്കുന്നത്. ആശുപത്രി പ്രവർത്തന സമയങ്ങളിൽ മെഡിക്കൽ സ്റ്റോർ സേവനം ലഭ്യമായിരിക്കും.

6. നാളികേര വികസന ബോർഡിന്റെ കീഴിൽ പ്രവർത്തിക്കുന്ന നേര്യമംഗലം ഡി.എസ്.പി ഫാമിൽ വിവിധ ഇനം തെങ്ങിൻതൈകൾ വിൽപ്പനയ്ക്കു ലഭ്യമാണ്. തെങ്ങിൻതൈകൾ ആവശ്യമുള്ള കർഷകർ **0485-2554240** എന്ന ഫാം ഓഫീസ് നമ്പരിൽ പ്രവർത്തി ദിവസങ്ങളിൽ രാവിലെ 8 മണിക്കും വൈകിട്ട് 5 മണിക്കും ഇടയിൽ ബന്ധപ്പെടുക.

7. ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറിയിൽ നിന്നും ഒരു ദിവസം പ്രായമായ അലങ്കാര കോഴി ഒന്നിന് 85 രൂപ നിരക്കിലും, കടക്നാഥ് ഒന്നിന് 35 രൂപ നിരക്കിലും, നേക്കഡ് നെക്ക്, തലശ്ശേരി ഇനത്തിൽ പെട്ട കോഴികൾക്ക് ഒന്നിന് 22 രൂപ നിരക്കിലും ചൊവ്വ, വെള്ളി ദിവസങ്ങളിൽ ലഭ്യമാണ്. താൽപര്യമുള്ളവർ **0479-2452277** എന്ന ഫോൺ നമ്പരിൽ മുൻകൂട്ടി രജിസ്റ്റർ ചെയ്യേണ്ടതാണ്.

## പരിശീലന പരിപാടികൾ

8. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള ഇ-പഠന കേന്ദ്രം (സെന്റർ ഫോർ ഇ-ലേണിംഗ്) **'സോയിൽ ഹെൽത്ത് മാനേജ്മെൻറ്'** എന്ന ഓൺലൈൻ വിദൂര പഠന സർട്ടിഫിക്കറ്റ് കോഴ്സിലേക്ക് അപേക്ഷ ക്ഷണിച്ചു. ആറു മാസമാണ് കോഴ്സിന്റെ ദൈർഘ്യം. ഇംഗ്ലീഷ് ആണ് പഠന മാദ്ധ്യമം . താല്പര്യമുള്ളവർ www.celkau.in എന്ന വെബ്സൈറ്റിലെ 'ഓൺലൈൻ കോഴ്സ്' എന്ന ലിങ്കിൽ നിന്നും രജിസ്ട്രേഷൻ ഫോറം പൂരിപ്പിച്ചു submit ചെയ്യേണ്ടതാണ്. രജിസ്റ്റർ ചെയ്യേണ്ട അവസാന തീയതി 2022 ഫെബ്രുവരി 24 ആണ്. കോഴ്സുകൾ 2022 ഫെബ്രുവരി 25 ന് തുടങ്ങുന്നതാണ്.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

കൂടുതൽ വിവരങ്ങൾ www.celkau.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. സംശയങ്ങൾക്കായി celkau@gmail.com എന്ന ഇ-മെയിൽ വിലാസത്തിലും **7559070461, 9497353389, 9567190858** എന്നീ ഫോൺ നമ്പരുകളിലും ബന്ധപ്പെടാവുന്നതാണ്.

9. കോട്ടയം ക്ഷീര പരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഈ മാസം 31-ന് (ജനുവരി 31 ന്) രാവിലെ 11 മണി മുതൽ **പ്രത്യുൽപാദനത്തിൽ പോഷകാഹാരത്തിന്റെ പങ്ക്** എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം ഗൂഗിൾ മീറ്റ് വഴി നടത്തുന്നു. പരിശീലനപരിപാടിയിൽ പങ്കെടുക്കാനായി https://meet.google.com/iff-xwbj-kqe എന്ന ലിങ്ക് വഴി ജോയിൻ ചെയ്യുക കൂടുതൽ വിവരങ്ങൾക്ക് **0481– 2302223, 9447824520** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്.

10. സുൽത്താൻ ബത്തേരി മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ **ഫെബ്രുവരി 1,2,3** തീയതികളിലായി **ആധുനികവും ശാസ്ത്രീയവുമായ ആടുവളർത്തൽ** എന്ന വിഷയത്തിൽ, ഓൺലൈൻ മാധ്യമത്തിൽ പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. പരിശീലനം 40 പേർക്കു മാത്രമായി ക്രമപ്പെടുത്തിയിരിക്കുന്നതിനാൽ താല്പര്യമുള്ളവർ **04936 220399, 9447421002** എന്നീ നമ്പരുകളിൽ ബന്ധപ്പെട്ട് ഈ മാസം 31-നു (31.01.2022) മുമ്പായി പേര് രജിസ്റ്റർ ചെയ്യേണ്ടതാണെന്ന് അസിസ്റ്റന്റ് ഡയറക്ടർ അറിയിക്കുന്നു.

11. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) റബ്ബർമേഖലയിലെ സംരംഭകത്വവികസനത്തിനായി ഫെബ്രുവരി 01-ന് ഏകദിന ഓൺലൈൻ പരിശീലനം നൽകുന്നു. ആർ.എസ്.എസ്. ഗ്രേഡ് ഷീറ്റുകളുടെ നിർമ്മാണം, റബ്ബർപാലിൽനിന്നും ഉണക്കറബ്ബറിൽനിന്നുമുള്ള ഉത്പന്നങ്ങളുടെ നിർമ്മാണം തുടങ്ങിയ മേഖലകളിലെ നിക്ഷേപസാദ്ധ്യതകൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പരിശീലനം രാവിലെ 10 മണി മുതൽ ഉച്ചയ്ക്ക് ഒരു മണി വരെ ആയിരിക്കും. പരിശീലനം സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് **0481 – 2353127** എന്ന ഫോൺ നമ്പരിലോ **04812353201** എന്ന വാട്സ്ആപ്പ് നമ്പരിലോ ബന്ധപ്പെടുക.